ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:18.02.2025**

## പ്രധാനവാർത്തകൾ

1. പൊതു വിദ്യാലയങ്ങളെ സംരക്ഷിക്കുകയും പൊതുവിദ്യാഭ്യാസ മേഖലയെ മികവിലേക്ക് ഉയർത്തുകയുമാണ് സംസ്ഥാന സർക്കാരിന്റെ നയമെന്ന് മന്ത്രി വി ശിവൻകുട്ടി.
2. കേരളത്തിൽ റെയിൽവേ വികസനം സാധ്യമാകാൻ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സഹകരണം അനിവാര്യമാണെന്ന് കേന്ദ്ര സഹമന്ത്രി വി സോമണ്ണ.
3. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള പോഷ് ആക്ട് മാധ്യമ സ്ഥാപനങ്ങളിൽ കർശനമായും നടപ്പാക്കണമെന്ന് മന്ത്രി വീണാ ജോർജ്.
4. അസാധ്യമെന്ന് കരുതിയ പല വെല്ലുവിളികളും ഏറ്റെടുത്ത് നടപ്പിലാക്കാൻ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിച്ചിട്ടുണ്ടെന്ന് മന്ത്രി എം.ബി രാജേഷ്.
5. രാജ്യത്ത് ആദ്യമായി ഉപയോഗ ശൂന്യമായ മരുന്നുകൾ വലിച്ചെറിയുന്നത് തടയാൻ നൂതന പദ്ധതി ആവിഷ്ക്കരിച്ച് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ്.
6. രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ ഗുജറാത്തിനെതിരെ കേരളം ശക്തമായ നിലയിൽ. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ജയന്റ്സ് പോരാട്ടം.

RNUTVPM

************************************

**ഗോയൽ - ഖത്തർ**

ഇന്ത്യയും ഖത്തറും തമ്മിലുള്ള ഭാവി പങ്കാളിത്തം സുസ്ഥിരത, സാങ്കേതികവിദ്യ, സംരംഭകത്വവും ഊർജവും എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കുമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യ-ഖത്തർ ബിസിനസ് ഫോറത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നൂതന സാങ്കേതിക വിദ്യയിലും നിർമ്മിത ബുദ്ധിയിലും അധിഷ്ഠിതമായി ആഗോള പുരോഗതി ലക്ഷ്യമിട്ടുള്ള സഹകരണം ശക്തിപ്പെടുത്താൻ ഇരു രാജ്യങ്ങളും പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ഖത്തർ വാണിജ്യ വ്യവസായ മന്ത്രിയും പരിപാടിയിൽ പങ്കെടുത്തു. ചടങ്ങിൽ ഇന്ത്യയും ഖത്തറും തമ്മിൽ രണ്ട് ധാരണാപത്രങ്ങൾ ഒപ്പുവച്ചു.

************************************

**വി ശിവൻകുട്ടി - (ഇൻട്രോ)**

പൊതുവിദ്യാഭാസ മേഖലയെ മികവിലേക്ക് ഉയർത്തുന്നതിനായി സർക്കാർ നിരവധി ജനകീയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. പൊതുവിദ്യാഭ്യാസ വകുപ്പിൻറെ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയ്ക്ക് ആധ്യക്ഷം വഹിക്കുകയായിരുന്നു അദ്ദേഹം. പൊതു വിദ്യാലയങ്ങളെ സംരക്ഷിക്കുക എന്നതാണ് സർക്കാരിന്റെ നയം. കഴിഞ്ഞ എട്ടര വർഷത്തിനിടയിൽ ഈ ഇനത്തിൽ **5,000 കോടി** രൂപയുടെ നിക്ഷേപം നടത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

**(ഹോൾഡ് ഫോർ ബൈറ്റ് ................)**

RNU TVPM

ഈ വർഷം പരിഷ്കരിക്കുന്ന 2, 4, 6, 8, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടി ഇതിനോടകം തന്നെ ആരംഭിച്ചു കഴിഞ്ഞതായും വിദ്യാഭാസ മന്ത്രി പറഞ്ഞു.

**************************************

## കേന്ദ്ര സഹമന്ത്രി വി സോമണ്ണ

രാജ്യത്തെ മധ്യവർഗത്തിൻറെ ഉന്നമനം ലക്ഷ്യമിട്ടുള്ള കേന്ദ്ര ബജറ്റ് എല്ലാവരുടെയും വികസനം മുന്നിൽ കണ്ടു കൊണ്ട് വിഭാവനം ചെയ്തതാണെന്ന് കേന്ദ്ര റെയിൽവേ - ജൽശക്തി വകുപ്പ് സഹമന്ത്രി വി. സോമണ്ണ. കേന്ദ്ര ബജറ്റ് 2025-26 സംബന്ധിച്ച് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ആശയ വിനിമയ പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. കേരളത്തിൽ റെയിൽവേ വികസനം സാധ്യമാകാൻ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സഹകരണം ആവശ്യമാണെന്ന് കേന്ദ്ര സഹമന്ത്രി പറഞ്ഞു. വിവിധ മേഖലകളിലെ പ്രമുഖ വ്യക്തികളുമായി കേന്ദ്ര സഹമന്ത്രി ആശയങ്ങൾ പങ്കുവച്ചു.

RNU TVPM

**************************************

## പാതിവില തട്ടിപ്പ്

പാതി വില തട്ടിപ്പ് കേസിലെ പ്രതി അനന്ദു കൃഷ്ണന്റെ ഇടുക്കിയിലെ കോളപ്ര ഏഴാം മൈലിലുള്ള ഓഫീസിലും വീട്ടിലും ഇഡി ഉദ്യോഗസ്ഥർ പരിശോധന നടത്തി. തട്ടിപ്പ് പുറത്തുവന്നതോടെ അനന്ദു കൃഷ്ണൻ്റെ വീട് പൂട്ടിയ നിലയിലായിരുന്നു. പരിശോധന ഒരു മണിക്കൂർ നീണ്ടു. വീട്ടിലെ പരിശോധയ്ക്ക് ശേഷം കോളപ്രയിലുള്ള ഓഫീസിലും പരിശോധന നടത്തി. തട്ടിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തുടനീളം 12 ഓളം സ്ഥലങ്ങളിൽ റെയ്ഡ് നടന്നു.

************************************

<u>**വീണാ ജോർജ്**</u>

ഉപയോഗ ശൂന്യമായ മരുന്നുകൾ മണ്ണിലോ വെള്ളത്തിലോ വലിച്ചെറിയുന്നത് തടയാൻ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഒരു നൂതന പദ്ധതി ആവിഷ്ക്കരിക്കുകയാണെന്ന് മന്ത്രി വീണാ ജോർജ്. 'Removal of Unused Drugs' എന്ന പേരിൽ ആരംഭിക്കുന്ന പദ്ധതി വഴി ഉപയോഗ ശൂന്യമായ മരുന്നുകൾ വീട്ടിൽ നിന്നും ശേഖരിച്ച് കൊണ്ടുപോകുകയോ, നിശ്ചിത സ്ഥലങ്ങളിൽ നിക്ഷേപിക്കാൻ സൗകര്യമൊരുക്കുകയോ ചെയ്യുമെന്ന് മന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. രാജ്യത്ത് തന്നെ ആദ്യമായാണ് സർക്കാർ തലത്തിൽ ഇത്തരമൊരു പദ്ധതി നടപ്പിലാക്കുന്നത്. കോഴിക്കോട് കോർപ്പറേഷനിലും, കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി പഞ്ചായത്തിലുമാണ് ഇത് ആദ്യമായി നടപ്പിലാക്കുന്നതെന്നും മന്ത്രി പറഞ്ഞു.

************************************

<u>**എം.ബി രാജേഷ് - (ഇൻട്രോ)**</u>

സംസ്ഥാനത്ത് ചരിത്രപരമായ ഉത്തരവാദിത്വങ്ങളാണ് തദ്ദേശ സ്ഥാപനങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതെന്ന് മന്ത്രി എം.ബി രാജേഷ്. **തദ്ദേശ ദിനാഘോഷം 2025** ൻറെ അക്കാദമിക സെഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളും സർക്കാരും ചേർന്ന് അസാധ്യമെന്ന് കരുതിയ പല വെല്ലുവിളികളും ഏറ്റെടുക്കുകയും അവ നടപ്പിലാക്കിവരികയുമാണെന്ന് മന്ത്രി പറഞ്ഞു.

**(ഹോൾഡ് ഫോർ ബൈറ്റ്..........)**

************************************

RNU TVPM

**പ്രധാനമന്ത്രി - ശ്രീരാമകൃഷ്ണ പരമഹംസ**

ശ്രീരാമകൃഷ്ണ പരമഹംസരുടെ ജന്മവാർഷിക ദിനമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ആഴത്തിലുള്ള ആത്മീയ ജ്ഞാനമുള്ള വ്യക്തിയായിരുന്നു ശ്രീരാമകൃഷ്ണപരമഹംസരെന്ന് ശ്രീ മോദി സന്ദേശത്തിൽ പറഞ്ഞു.

************************************

**ബ്രേക്ക്........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

************************************

**വനിതാ കോൺക്ലേവ്**

മാധ്യമ സ്ഥാപനങ്ങളിൽ ലിംഗ നീതിയും ലിംഗ സമത്വവും ഉറപ്പാക്കണമെന്നും വനിത മാധ്യമ പ്രവർത്തകർക്ക് നേതൃനിരയിലേക്ക് ഉയരാൻ കഴിയണമെന്നും ആരോഗ്യ മന്ത്രി വീണാ ജോർജ്ജ്. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിക്കുന്ന ദേശീയ വനിത മാധ്യമ കോൺക്ലേവിൻ്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള പോഷ് ആക്ട് മാധ്യമ സ്ഥാപനങ്ങളിൽ കർശനമായും നടപ്പാക്കണം. മാധ്യമങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്ന നയമല്ല സംസ്ഥാന സർക്കാരിൻ്റേതെന്നും മന്ത്രി വ്യക്തമാക്കി.

രണ്ട് ദിവസത്തെ കോൺക്ലേവിൽ വിവിധ വിഷയങ്ങളിൽ പാനൽ ചർച്ചകൾ നടക്കും. മാധ്യമ പ്രവർത്തകരും, അനുബന്ധ മേഖലയിലുള്ളവരും വിദ്യാർഥികളും പങ്കെടുക്കുന്നുണ്ട്.

************************************

RNU TVPM

**<u>നക്ഷ - കെ രാജൻ</u>**

നഗര പ്രദേശങ്ങളിലെ എല്ലാ ഭൂമികളും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സർവേ നടത്തുന്ന നക്ഷ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം അല്പസമയത്തിനകം നെയ്യാറ്റിൻകര ടി.ജെ ഓഡിറ്റോറിയത്തിൽ മന്ത്രി കെ. രാജൻ നിർവഹിക്കും. പദ്ധതി പ്രകാരം സ്വകാര്യ ഭൂമികൾ, ഒഴിഞ്ഞ പ്ലോട്ടുകൾ, തുടങ്ങി സർക്കാർ വകുപ്പുകളിലെ വസ്തുകൾ ഉൾപ്പെടെയുള്ളവ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് അളന്ന് തിട്ടപ്പെടുത്തി കൃത്യമായ ലാൻഡ് രേഖകൾ തയ്യാറാക്കും. ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോഡ്സ് മോഡണൈസേഷൻ പ്രോഗ്രാമിന് കീഴിലാണ് പദ്ധതി നടപ്പാക്കുന്നത്.

************************************

**<u>ഇടുക്കി ഡബിൾഡക്കർ ബസ് - (ഇൻട്രോ)</u>**

മൂന്നാറിലെത്തിച്ച കെ.എസ്.ആർ.ടി.സിയുടെ റോയൽ വ്യൂ ഡബിൾ ഡക്കർ ബസ് എറ്റെടുത്ത് സഞ്ചാരികൾ. ബസ് സർവ്വീസ് ആരംഭിച്ച് ഒരാഴ്ച പിന്നിടുമ്പോൾ മികച്ച പ്രതികരണവും മെച്ചപ്പെട്ട വരുമാനവും നേടിയാണ് ബസ് സർവ്വീസ് നടത്തുന്നത്. ദിവസവും മൂന്ന് സർവ്വീസുകളാണ് ബസിനുള്ളത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**
**(വോയിസ്...............)**

************************************

RNUTVPM

## ബോധവൽക്കരണ ക്ലാസ് -ആന

ആന എഴുന്നള്ളിപ്പ് സുഗമമാക്കുന്നതിനും ആന ഇടഞ്ഞും മറ്റുമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനുമായി നാട്ടാന പരിപാലന ചട്ടവുമായി ബന്ധപ്പെട്ട വിഷയത്തിൽ നാളെ ബോധവത്ക്കരണ ക്ലാസ് നടത്തും. മലപ്പുറം ആസൂത്രണ സമിതി സെക്രട്ടറിയേറ്റ് കോൺഫറൻസ് ഹാളിൽ നടക്കുന്ന ക്ലാസിൽ കേരള നാട്ടാന പരിപാലന ചട്ടം 2012 പ്രകാരമുള്ള ജില്ലാതല കമ്മിറ്റിയിൽ രജിസ്ട്രേഷനുള്ള ആരാധനാലയങ്ങളിലെയും ആഘോഷ കമ്മിറ്റികളിലെയും ഭാരവാഹികൾക്ക് പങ്കെടുക്കാം.

**************************************

## രഞ്ജി ട്രോഫി

അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടക്കുന്ന രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി ഫൈനൽ മത്സരത്തിൽ കേരളം ഗുജറാത്തിനെതിരെ ശക്തമായ നിലയിൽ. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത കേരളം ഒന്നാം ദിവസമായ ഇന്നലെ കളി നിർത്തുമ്പോൾ 4 വിക്കറ്റ് നഷ്ടത്തിൽ 206 റൺസ് നേടിയിരുന്നു. രണ്ടാം ദിനമായ ഇന്ന് കളി പുനരാരംഭിച്ച കേരളം ഉച്ച ഭക്ഷണത്തിന് പിരിയുമ്പോൾ 5 വിക്കറ്റ് നഷ്ടത്തിൽ 293 റൺസ് എടുത്തിട്ടുണ്ട്.

**************************************

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് ഗുജറാത്ത് ജയൻറ്സിനെ നേരിടും. രാത്രി 7.30ന് വഡോദരയിലാണ് മത്സരം.

**************************************

RNU TVPM

## കോട്ടയം-നിരാഹാരസമരം

കോട്ടയം ഗവൺമെൻ്റ് കോളജിൽ വിദ്യാർത്ഥികൾ ക്രൂരമായി റാഗ് ചെയ്യപ്പെട്ടതിൽ പ്രതിഷേധിച്ച് ചാണ്ടി ഉമ്മൻ MLA കോട്ടയത്ത് നിരാഹാര സമരം നടത്തുന്നു. ഗാന്ധി സ്ക്വയറിൽ നടക്കുന്ന സമരം തിരുവഞ്ചൂർ രാധാകൃഷ്ണൻ MLA ഉദ്ഘാടനം ചെയ്തു. റാഗിംഗ് കേസിലെ മുഴുവൻ പ്രതികളെയും തുടർ പഠനത്തിൽ നിന്ന് വിലക്കുക , റാഗിങ്ങിൽ പ്രതിഷേധിച്ച കെ എസ് യു - യൂത്ത് കോൺഗ്രസ് പ്രവർത്തകരെ മർദ്ദിച്ച പൊലീസുകാർക്കെതിരെ നടപടി സ്വീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് നിരാഹാര സമരം.

************************************

## ഡി.കെ ശിവകുമാർ

രാഷ്ട്രീയ കൊലപാതകങ്ങൾ ജനാധിപത്യ സംസ്കാരത്തിന് ഭൂഷണമല്ലെന്ന് കർണാടക ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാർ. കാസർകോട് ജില്ലാ കോൺഗ്രസ്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കല്യോട്ട് ശരത് ലാൽ- കൃപേഷ് ആറാം രക്തസാക്ഷിത്വ വാർഷികദിനത്തോടനുബന്ധിച്ച് നടന്ന അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

RNUTVPM

************************************

************************************

*********************